ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1024

# സൂറ – 33 / അൽ അഹ്സാബ്

## സൂക്തം: 02 – 04

തൗഹീദും ശിർക്കും പരസ്പരവിരുദ്ധമാണ്. ആർക്കും ഒരേസമയം ഏകദൈവ വിശ്വാസിയും ബഹുദൈവ വിശ്വാസിയും ആകാൻ കഴിയില്ല. അല്ലാഹു-സാക്ഷാൽ ദൈവം- ഏകനാകുന്നു എന്ന തത്ത്വത്തിന്റെ നിഷേധമാണ് അല്ലാഹുവിന്റെ ദിവ്യത്വത്തിന് പങ്കാളികളുണ്ട് എന്ന വാദം. അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കുന്നു എന്നവകാശപ്പെടുന്നവർ അല്ലാഹു അല്ലാത്തവർക്ക് ഭയഭക്തിയും ആരാധനയും പ്രാർഥനയും അർപ്പിക്കുമ്പോൾ തങ്ങൾ യഥാർഥത്തിൽ വിശ്വസിക്കുന്നത് ദൈവത്തിന്റെ ഏകത്വത്തിലല്ല, ബഹുത്വത്തിലാണ് എന്ന് കർമണാ സ്ഥിരപ്പെടുത്തുകയാണ്.

وَٱتَّبِعْ مَا يُوحَىٰٓ إِلَيْكَ مِن رَّبِّكَ ۚ إِنَّ ٱللَّهَ كَانَ بِمَا تَعْمَلُونَ
خَبِيرًا ﴿٢﴾

2. പ്രവാചകാ, നിന്റെ നാഥങ്കൽനിന്ന് ലഭിക്കുന്ന ദിവ്യസന്ദേശം പിന്തുടരുക. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതൊക്കെയും അഗാധമായി അറിയുന്നവനത്രെ അല്ലാഹു.

وَتَوَكَّلْ عَلَى ٱللَّهِ ۚ وَكَفَىٰ بِٱللَّهِ وَكِيلًا ﴿٣﴾

3. എല്ലാം അല്ലാഹുവിൽ ഭരമേൽപിച്ചുകൊള്ളുക. ഭരമേൽപിക്കാൻ തികച്ചും മതിയായവനാണ് അല്ലാഹു.

**2,3**

وَٱتَّبِعْ = (പ്രവാചകാ) നീ പിന്തുടരുക
مَا يُوحَىٰٓ إِلَيْكَ = നിന്നിലേക്ക് വഹ്‌യ് ചെയ്യപ്പെടുന്നത് (നിനക്കു ലഭിക്കുന്ന ദിവ്യസന്ദേശം)
مِن رَّبِّكَ = നിന്റെ നാഥനിൽനിന്ന് إِنَّ ٱللَّهَ كَانَ = തീർച്ചയായും അല്ലാഹു ആ(യി)കുന്നു
بِمَا تَعْمَلُونَ = (ഒക്കെയും) നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് خَبِيرًا = അഗാധമായി അറിയുന്നവൻ
وَتَوَكَّلْ = (എല്ലാം) ഭരമേൽപിച്ചുകൊള്ളുക عَلَى ٱللَّهِ = അല്ലാഹുവിൽ وَكَفَىٰ = (തികച്ചും മതിയായവനാണ്) മതിയായി
بِٱللَّهِ = അല്ലാഹുവിനെക്കൊണ്ട് وَكِيلًا = (ഭരമേൽപിക്കാൻ) ഭരമേൽപിക്കുന്നവനായിട്ട്

പിന്തുടരുക, അനുസരിക്കുക, അനുഗമിക്കുക തുടങ്ങിയ ആശയങ്ങൾ വഹിക്കുന്ന اتباع -ൽനിന്നുള്ള ശാസനാവചനമാണ് إِتّبع. പ്രവാചകചര്യ പിന്തുടരുന്നതിന് اتباع النّبيّ എന്നും സന്മാർഗ നിയമങ്ങളനുസരിക്കുന്നതിന് اتباع الهدى എന്നും പറയുന്നു. സത്യനിഷേധികളെയും കപടന്മാരെയും അനുസരിച്ചുകൂടാ എന്നാണല്ലോ മുൻസൂക്തം കൽപിച്ചത്. അവരെ ധിക്കരിച്ചുകൊണ്ട് അനുസരിക്കേണ്ടതാരെയാണെന്ന് കൽപിക്കുകയാണ് തുടർന്നുള്ള സൂക്തങ്ങൾ. അനുസരിക്കേണ്ടത് അല്ലാഹുവിനെയാണ്. അല്ലാഹുവിനെ അനുസരിക്കുക എന്നാൽ അല്ലാഹു ദിവ്യബോധനമായി നൽകിയ സന്ദേശങ്ങൾ അനുസരിക്കുകയാണ്. ഈ കൽപന പ്രവാചകനെയാണ് സംബോധന ചെയ്യുന്നതെങ്കിലും യഥാർഥത്തിൽ കൽപിക്കുന്നത് എല്ലാ സത്യവിശ്വാസികളോടുമാണ്. തുടർന്ന് വരുന്ന 'അല്ലാഹു നിങ്ങൾ ചെയ്യുന്നതൊക്കെയും സൂക്ഷ്മമായി അറിയുന്നുണ്ട്' - إِنَّ ٱللَّهَ كَانَ بِمَا تَعْمَلُونَ خَبِيرًا എന്ന ബഹുവചന സംബോധന അത് സൂചിപ്പിക്കുന്നുണ്ട്. മുൻസൂക്തത്തിലെ إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمًا എന്ന വാക്യത്തിന്റെ മറ്റൊരു ഭാഷ്യമാണിത്. ആഴത്തിലുള്ള സൂക്ഷ്മമായ അറി

വാണ് خَبَرٌ. വാർത്തക്കും خبر ഉപയോഗിക്കും. ഇതിന്റെ ബഹുവചനം اخبار. *അൽ അഖ്ബാർ, അഖ്ബാറുൽ യൗം* തുടങ്ങിയ പേരുകളിൽ ചില അറബി ആനുകാലികങ്ങളുണ്ട്. അനുഭവജ്ഞാനവും പരീക്ഷിച്ചറിവും خُبْرَة ആണ്. خَبَرَ -യിൽനിന്നുള്ള കർതൃവചനമാണ് خَبِير. എല്ലാം അതിസൂക്ഷ്മമായി നേരിട്ടറിയുന്നവൻ എന്ന് താൽപര്യം. അല്ലാഹുവിന്റെ വിശിഷ്ട നാമങ്ങളിലൊന്നാണ് خَبِير. വചനതാൽപര്യമിതാണ്: അവിശ്വാസികളുടെയും കപടന്മാരുടെയും പ്രലോഭനങ്ങളും ഭീഷണികളും അവഗണിച്ചുകൊണ്ട്, അല്ലാഹു ബോധനം ചെയ്യുന്ന സന്ദേശങ്ങളനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുക. ദിവ്യസന്ദേശങ്ങളെ, അഥവാ അല്ലാഹുവിന്റെ വിധിവിലക്കുകളെ നിങ്ങൾ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്ന് നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണവൻ. നിങ്ങളുടെ ഓരോ ചുവടുവെപ്പുകളും അവൻ സൂക്ഷ്മമായി പരിശോധിച്ചറിയുന്നുണ്ട്.

അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനും യുക്തിമാനുമാണെന്ന് കലവറയില്ലാതെ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾ ഭാവിയെക്കുറിച്ച് ആശങ്കപ്പെടാതെ കാര്യങ്ങളുടെ പരിണതികൾ അല്ലാഹുവിനു സമർപ്പിച്ചുകൊണ്ട് സധൈര്യം മുന്നോട്ടുപോവുക എന്നാണ് وَتَوَكَّلْ عَلَى ٱللَّهِ ۚ وَكَفَىٰ بِٱللَّهِ وَكِيلًا എന്ന വാക്യം സൂചിപ്പിക്കുന്നത്. സത്യവിശ്വാസികളെ സംബന്ധിച്ചേടത്തോളം അവരുടെ സകല കാര്യങ്ങളും ഭരമേൽപിക്കാൻ ഏറ്റം പര്യാപ്തനായ വക്കീൽ അല്ലാഹു തന്നെയാകുന്നു. وَكِيل-ന്റെ ആശയം നേരത്തേ പലയിടത്തും വ്യക്തമാക്കിയിട്ടുള്ളതാണ്. ഇവിടെ താൽപര്യമിതാണ്: അല്ലാഹുവിന്റെ ഉത്തരവുകൾ നടപ്പിലാക്കുകയാണ് നിങ്ങൾ ചെയ്യേണ്ടത്. അതിന്റെ പരിണതിയും ഫലങ്ങളും അല്ലാഹു തീരുമാനിച്ചുകൊള്ളും. അത് ഏറ്റം നന്നായി തീരുമാനിക്കാൻ കഴിവുള്ളവനാണവൻ. അതിനാൽ അത് അവനു തന്നെ വിട്ടേക്കുക. ■

---

مَا جَعَلَ ٱللَّهُ لِرَجُلٍ مِّن قَلْبَيْنِ فِى جَوْفِهِۦ ۚ وَمَا جَعَلَ أَزْوَٰجَكُمُ ٱلَّٰٓـِٔى تُظَٰهِرُونَ مِنْهُنَّ أُمَّهَٰتِكُمْ ۚ وَمَا جَعَلَ أَدْعِيَآءَكُمْ أَبْنَآءَكُمْ ۚ ذَٰلِكُمْ قَوْلُكُم بِأَفْوَٰهِكُمْ ۖ وَٱللَّهُ يَقُولُ ٱلْحَقَّ وَهُوَ يَهْدِى ٱلسَّبِيلَ ﴿٤﴾

4. അല്ലാഹു ഒരു മനുഷ്യന്റെയും ഉള്ളിൽ രണ്ട് മനസ്സ് ഉണ്ടാക്കിയിട്ടില്ല. നിങ്ങൾ 'ളിഹാർ' ചെയ്യുന്ന ഭാര്യമാരെ നിങ്ങളുടെ മാതാക്കളാക്കിയിട്ടുമില്ല. നിങ്ങളുടെ ദത്തുസന്തതികളെ ഔരസ സന്തതികളാക്കിയിട്ടുമില്ല. അതൊക്കെയും നിങ്ങളുടെ വായ്ത്താരി മാത്രമാകുന്നു. അല്ലാ, അല്ലാഹു പറയുന്നതാണ് സത്യം. അവൻ തന്നെയാണ് സത്യസരണിയിലേക്ക് നയിക്കുന്നതും.

**4**

مَا جَعَلَ ٱللَّهُ = അല്ലാഹു ആ(ഉണ്ടാ)ക്കിയിട്ടില്ല  
لِرَجُلٍ = ഒരു മനുഷ്യനും(ന്റെയും)  
مِّن قَلْبَيْنِ = രണ്ടു ഹൃദയത്താൽ (മനസ്സ്)  
فِى جَوْفِهِۦ = അവന്റെ ഉള്ളിൽ  
وَمَا جَعَلَ أَزْوَٰجَكُمُ = നിങ്ങളുടെ ഭാര്യമാരെ ആക്കിയിട്ടുമില്ല  
ٱلَّٰٓـِٔى تُظَٰهِرُونَ مِنْهُنَّ = അവരിൽ നിങ്ങൾ ളിഹാർ ചെയ്യുന്ന  
أُمَّهَٰتِكُمْ = നിങ്ങളുടെ മാതാക്കൾ  
وَمَا جَعَلَ أَدْعِيَآءَكُمْ = നിങ്ങളുടെ ദത്തുപുത്രന്മാരെ (സന്തതികളെ) ആക്കിയിട്ടുമില്ല  
أَبْنَآءَكُمْ = നിങ്ങളുടെ പുത്രന്മാർ (ഔരസ സന്തതികൾ)  
ذَٰلِكُمْ = അത് (ഒക്കെയും)  
قَوْلُكُم بِأَفْوَٰهِكُمْ = നിങ്ങളുടെ വായ്കൊണ്ടുള്ള വാക്കാകുന്നു (വായ്ത്താരി മാത്രമാകുന്നു)  
وَٱللَّهُ يَقُولُ ٱلْحَقَّ = അല്ലാഹു സത്യം പറയുന്നു (പറയുന്നതാണ് സത്യം)  
وَهُوَ = അവൻ (തന്നെയാണ്)  
يَهْدِى = നയിക്കുന്നു(ന്നതും)  
ٱلسَّبِيلَ = (സത്യ)സരണിയിലേക്ക്

رجل പുരുഷനാണ്. മനുഷ്യൻ, വ്യക്തി എന്ന് പ്രയോഗാർഥങ്ങളുമുണ്ട്. رجل മനുഷ്യനോ വ്യക്തിയോ ആകുമ്പോൾ അതിൽ സ്ത്രീയും ഉൾപ്പെടുന്നു. സ്ത്രീകളും പുരുഷന്മാരുമായ എല്ലാ വ്യക്തികളുമാണ് ഇവിടെ ഉദ്ദേശ്യം. ആരിലും അല്ലാഹു രണ്ട് ഹൃദയം സൃഷ്ടിച്ചുവെച്ചിട്ടില്ല. അകവശവും ഉള്ളറയും ഉദരവുമൊക്കെയാണ് جوف. ഉള്ള് പൊള്ളയാകുന്നതിന് جَوِفَ എന്നും പൊള്ളയാക്കുന്നതിന് جَوَّفَ എന്നും പറയും. ഉള്ളു പൊള്ളയായ വസ്തു اجوف ആകുന്നു. ഇവിടെ فِى جَوْفِهِۦ എന്നതിന്റെ താൽപര്യം മനുഷ്യനുള്ളിൽ എന്നാകാം, നെഞ്ചിനുള്ളിൽ എന്നുമാകാം. രണ്ടാമത്തേതാകാനാണ് കൂടുതൽ ന്യായം. ഖുർആൻ അനേകം സ്ഥലങ്ങളിൽ മനസ്സിനെ صدر-മാറിടം- എന്നും ما فى الصدر -മാറിടത്തിലുള്ളത് - എന്നും വ്യവഹരിക്കുന്നുണ്ട്. ഉദാ: وَيَشْفِ صُدُورَ قَوْمٍ مُّؤْمِنِينَ (വിശ്വാസികളായ ജനത്തിന്റെ മനസ്സുകൾ തണുപ്പിക്കാൻ -9:14). فَإِنَّهَا لَا تَعْمَى ٱلْأَبْصَٰرُ وَلَٰكِن تَعْمَى ٱلْقُلُوبُ ٱلَّتِى فِى ٱلصُّدُورِ (പക്ഷേ അന്ധമാകുന്നത് കണ്ണുകളല്ല; മറിച്ച് മാറിടങ്ങളിലുള്ള ഹൃദയങ്ങളാണ് അന്ധമാകുന്നത്- 22:46).

തിരിക്കലും മറിക്കലും പരിവർത്തിക്കലുമാണ് قَلْب -ന്റെ മൗലികമായ ആശയങ്ങൾ. രക്തചംക്രമണത്തിന്റെ കേന്ദ്രം എന്ന നിലയിൽ ഹൃദയത്തെയും قلب എന്നു പറയുന്നു. വിചാരവികാരങ്ങൾ മാറിമറിയുന്ന കേന്ദ്രം എന്ന നിലയിൽ മനസ്സിനെയും قلب എന്നു വിളിക്കുന്നു. അതൊരു

നാടൻ ശൈലിയാണ്. മിക്ക ഭാഷകളിലും അതുണ്ട്. രക്തം ചംക്രമണം ചെയ്തുകൊണ്ടിരിക്കുന്നതിന്റെ എന്ന പോലെ വികാരവിചാരങ്ങൾ അനുസ്യൂതം മാറിമറിഞ്ഞുകൊണ്ടിരിക്കുന്നതിന്റെയും ബുദ്ധിശക്തിയുടെയും കേന്ദ്രവും നെഞ്ചിനകത്തുള്ള ഹൃദയം എന്ന അവയവമാണെന്ന് പൗരാണികർ വിശ്വസിച്ചു. ശാരീരികാവസ്ഥകളിലുണ്ടാകുന്ന മാറ്റങ്ങൾ എന്ന പോലെ മാനസികാവസ്ഥകളിലുണ്ടാകുന്ന മാറ്റങ്ങളും ഹൃദയത്തിന്റെ പ്രവർത്തനത്തെ സ്വാധീനിക്കുന്നുവെന്നതാണതിനു കാരണം. മാനസികമായ ആഘാതങ്ങൾ-സന്തോഷത്തിന്റേതായാലും സന്താപത്തിന്റേതായാലും -ചിലപ്പോൾ ഹൃദയസ്തംഭനത്തിനും മരണത്തിനും വരെ കാരണമാകുന്നു. വികാരവിചാരങ്ങളുടെ കേന്ദ്രം ഹൃദയമല്ല; മസ്തിഷ്കമാണെന്ന് ഇന്ന് പൊതുവിൽ മനസ്സിലാക്കപ്പെടുന്നുണ്ട്. എങ്കിലും മനസ്സിന് നെഞ്ചകം എന്നും 'മനസ്സിൽ തട്ടി' എന്നതിനു നെഞ്ചിൽ കൈവെച്ച് എന്നുമൊക്കെ നാം സാധാരണ പറയാറുണ്ട്. ഇതുപോലുള്ള ഒരു ശൈലിയാണ് 'മാറിടത്തിലുള്ള ഹൃദയം' എന്നത്.

പ്രതിഭാസങ്ങളുടെ ഭൗതികശാസ്ത്രപരമായ കാര്യങ്ങൾ വിശകലനം ചെയ്യുകയല്ല ഖുർആന്റെ ലക്ഷ്യമെന്ന് നേരത്തേ വ്യക്തമാക്കിയിട്ടുള്ളതാണ്. സ്രഷ്ടാവിന്റെ ഏകത്വവും സൃഷ്ടിവൈഭവവും സൃഷ്ടികളുടെ ജീവിതധർമവും വിശദീകരിക്കുകയാണ് ഖുർആന്റെ ലക്ഷ്യം. അതിനു വേണ്ടി ചില പ്രതിഭാസങ്ങളെ അവയുടെ ഭൗതികശാസ്ത്രപരമായ ഘടനയിൽതന്നെ പ്രതിപാദിക്കുന്നു. ഉദാഹരണമായി, മനുഷ്യന്റെ പ്രജനനം സംബന്ധിച്ച ഖുർആനിക സൂക്തങ്ങൾ തികച്ചും ശാസ്ത്രീയമാണെന്ന് ആ രംഗത്ത് വൈദഗ്ധ്യമുള്ളവർ പറയുന്നു. ചില പ്രതിഭാസങ്ങൾ പരാമർശിക്കുന്നത് മനുഷ്യൻ അതനുഭവിക്കുന്ന രൂപത്തിലാണ്. ഭൂമിയുടെ പരപ്പിനെക്കുറിച്ച് ഖുർആൻ ആവർത്തിച്ചു പറയുന്നുണ്ട്. ഉദാ: وَالْأَرْضَ مَدَدْنَاهَا (ഭൂമിയെ നാം പരത്തിയിരിക്കുന്നു- 15:19). ഇത്തരം വാക്യങ്ങൾ ഭൂമിയുടെ ഭൗതികശാസ്ത്രപരമായ ആകൃതി പഠിപ്പിക്കുകയല്ല; മറിച്ച് ജന്തുജാലങ്ങളുടെ ആവാസത്തിനു യോഗ്യമായ വിധത്തിൽ ഭൂതലത്തെ അല്ലാഹു വിസ്തൃതവും വിഭവസമൃദ്ധവുമാക്കിത്തന്നിരിക്കുന്നു എന്ന് പഠിപ്പിക്കുകയാണ്. ഇതുപോലെ മനസ്സിനെ നെഞ്ച്-നെഞ്ചകത്തുള്ളത് (الصدر - ما في الصدر) എന്നൊക്കെ വ്യവഹരിക്കുന്നത് മനുഷ്യൻ അതിനെ അറിയുകയും അനുഭവിക്കുകയും ചെയ്യുന്ന രൂപത്തിലുള്ള അവതരണമാകുന്നു.

ظَهْر (മുതുക്)-ൽ നിന്നുത്ഭവിച്ച പദമാണ് ظِهَار. ജാഹിലീ അറബികളിൽ നിലനിന്നിരുന്ന ഒരു വിവാഹമോചന സമ്പ്രദായത്തെയാണിത് കുറിക്കുന്നത്. ഭർത്താവ് - اَنْتِ عَلَيَّ كَظَهْرِ أُمِّي-നീ എനിക്ക് എന്റെ മാതാവിന്റെ മുതുകുപോലെയാണ്- എന്ന് ഭാര്യയോടു പറയുക. അതോടെ അവർ തമ്മിലുള്ള ദാമ്പത്യബന്ധം എന്നന്നേക്കുമായി വേർപ്പെട്ടു. ظهار-ന്റെ ബഹുവചന വർത്തമാനക്രിയാ രൂപമാണ് تظاهِرُون. ظِهَار സംഭവിക്കാൻ മാതാവിന്റെ മുതുകിനെ തന്നെ പരാമർശിക്കണമെന്നില്ല. മാതാവിന്റെ ഉദരത്തെയോ ലിംഗത്തെയോ പരാമർശിച്ചാലും ظهار ആകും. മാതാവിനു പകരം സഹോദരി, മകൾ തുടങ്ങി വിവാഹബന്ധം നിഷിദ്ധമായ മറ്റാരെയെങ്കിലും പരാമർശിച്ചാലും മതിയാകും.

ദൈവധിക്കാരികളെ അനുസരിക്കരുതെന്നും അല്ലാഹു നൽകുന്ന നിർദേശങ്ങളനുസരിച്ച് മുന്നോട്ടുപോകണമെന്നും പ്രവാചകനെയും വിശ്വാസികളെയും ഉദ്ബോധിപ്പിച്ചശേഷം നിർദേശങ്ങൾ നൽകുന്നതിന് മുന്നോടിയായി ഒരു പ്രകൃതി സത്യം ഉണർത്തുകയാണ് مَّا جَعَلَ الله ....... فِي جَوْفِهِ എന്ന വാക്യം. ദൈവത്തോടുള്ള വിധേയത്വവും ദൈവനിഷേധികളോടുള്ള വിധേയത്വവും ഒരാളിൽ മേളിക്കുകയില്ല. ഒരാൾ ഒരേസമയം വിശ്വാസിയും നിഷേധിയുമായിരിക്കുക അസാധ്യമാണ്. ഒന്നുകിൽ വിശ്വാസി, അല്ലെങ്കിൽ അവിശ്വാസി. രണ്ടിൽ ഒന്നു മാത്രമേ സത്യമാകൂ. യഥാർഥ സത്യവിശ്വാസി തന്റെ വിശ്വാസത്തിനു വിരുദ്ധമായതിന്റെയെല്ലാം നിഷേധിയുമായിരിക്കും. പ്രത്യക്ഷത്തിൽ വിശ്വാസം പ്രകടിപ്പിക്കുകയും അകത്തു നിഷേധിക്കുകയും ചെയ്യുന്നത് കാപട്യമാണ്. പ്രത്യക്ഷത്തിൽ കാണിക്കുന്ന വിശ്വാസം സത്യസന്ധമാണെങ്കിൽ അകമേ നിഷേധിക്കാൻ കഴിയില്ല.

തൗഹീദും ശിർക്കും പരസ്പരവിരുദ്ധമാണ്. ആർക്കും ഒരേസമയം ഏകദൈവ വിശ്വാസിയും ബഹുദൈവ വിശ്വാസിയും ആകാൻ കഴിയില്ല. അല്ലാഹു-സാക്ഷാൽ ദൈവം-ഏകനാകുന്നു എന്ന തത്ത്വത്തിന്റെ നിഷേധമാണ് അല്ലാഹുവിന്റെ ദിവ്യത്വത്തിന് പങ്കാളികളുണ്ട് എന്ന വാദം. അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കുന്നു എന്നവകാശപ്പെടുന്നവർ അല്ലാഹു അല്ലാത്തവർക്ക് ഭയഭക്തിയും ആരാധനയും പ്രാർഥനയും അർപ്പിക്കുമ്പോൾ തങ്ങൾ യഥാർഥത്തിൽ വിശ്വസിക്കുന്നത് ദൈവത്തിന്റെ ഏകത്വത്തിലല്ല, ബഹുത്വത്തിലാണ് എന്ന് കർമണാ സ്ഥിരപ്പെടുത്തുകയാണ്. ദൈവം ഏകനാണെന്ന വാദവും മൂന്നു ദൈവങ്ങളുണ്ടെന്ന വാദവും മുപ്പത്തിമുക്കോടി ദൈവങ്ങളുണ്ടെന്ന വാദവും ഒരേസമയം ഉൾക്കൊള്ളൽ മനുഷ്യമനസ്സിന് അസാധ്യമാണ്. വിവിധ മതങ്ങളുടെ ആചാരവിശ്വാസങ്ങളിൽ പലതും പരസ്പരവിരുദ്ധമാണ്. ഓരോ മതവിശ്വാസിക്കും താൻ വിശ്വസിക്കുന്ന മതമാണ് സത്യവും ധർമവും. ഓരോ മതവിഭാഗത്തിനും അങ്ങനെ വിശ്വസിക്കാനുള്ള സ്വാതന്ത്ര്യം മാനിക്കപ്പെടേണ്ടതാണ്. വ്യത്യസ്ത മതങ്ങളും പൊതുവായി അംഗീകരിക്കുന്ന ധർമങ്ങളിൽ എല്ലാവർക്കും ഐക്യപ്പെടുകയും സഹകരിക്കുകയും ചെയ്യാം. എല്ലാ മതങ്ങളും ലക്ഷ്യമാക്കുന്നത് ഭൗതിക ക്ഷേമവും പരലോക മോക്ഷവുമാകുന്നു എന്നും സമ്മതിക്കാം. അതുകൊണ്ടൊന്നും എല്ലാ മതങ്ങളും ഒന്നാവുകയോ സത്യമാവുകയോ ചെയ്യുന്നില്ല. ഹിമാലയത്തിലെത്താൻ കേരളത്തിൽനിന്ന് കുറേയാളുകൾ കിഴക്കോട്ടും കുറേ ആളുകൾ വടക്കോട്ടും കുറേയാളുകൾ തെക്കോട്ടും കുറേയാളുകൾ പടിഞ്ഞാറോട്ടും സഞ്ചരിക്കുന്നുവെന്ന് വെക്കുക. എല്ലാവരുടെയും ലക്ഷ്യം ഒന്നായതുകൊണ്ട് അവരുടെയെല്ലാം സഞ്ചാര മാർഗം സത്യമാകുന്നില്ല. ആണെന്നു പറയുന്നത് ആത്മവഞ്ചനയാണ്. ഒരേസമയം പരസ്പരവിരുദ്ധമായ ആദർശങ്ങളിൽ വിശ്വസിക്കാൻ കഴിയണമെങ്കിൽ മനുഷ്യർക്ക് പല മനസ്സുകളുണ്ടാവണം. അല്ലാഹുവാകട്ടെ ഒരു മനുഷ്യനും ഒന്നിലധികം മനസ്സുകൾ സൃഷ്ടിച്ചു കൊടുത്തിട്ടില്ല. കൈകാലുകൾ പോലെ മനസ്സും രണ്ടെണ്ണം നൽകാതിരുന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. പരസ്പരവിരുദ്ധമായ വിചാരങ്ങളും വികാരങ്ങളുമുള്ള രണ്ട് മനസ്സുണ്ടായിരുന്നുവെങ്കിൽ അവയുടെ സംഘട്ടനത്താൽ തന്നെ മനുഷ്യജീവിതം താറുമാറാകുമായിരുന്നു. ഒരു മനസ്സ് ആഗ്രഹിക്കുന്നത് മറ്റേ മനസ്സ് വെറുക്കാം. ഒരു മനസ്സ് വലത്തോട്ട് തിരിയാൻ നിർദേശിക്കുമ്പോൾ മറ്റേ

മനസ്സ് ഇടത്തോട്ട് തിരിയാൻ കൽപിക്കാം. ആഗ്രഹാഭിലാഷങ്ങളുടെ ഉറവിടമായ മനസ്സ് ഒന്നു മാത്രമായിരിക്കുകയും, ഒറ്റയും ഇരട്ടയുമായ അവയവങ്ങളെല്ലാം അതിന്റെ നിർദേശാനുസാരം മാത്രം പ്രവർത്തിക്കുകയും ചെയ്യുന്നതുകൊണ്ടാണ് മനുഷ്യന് സാധാരണ ജീവിതം സാധ്യമാകുന്നത്.

ഈ വാക്യം അവതരിച്ചത് ജമീലുബ്നു അസദുൽ ഫിഹ്രി എന്ന ഒരു ഖുറൈശി വിദ്വാനെക്കുറിച്ചാണെന്ന് ഇബ്നു ജരീറും ഇബ്നു അബീഹാതിമും നിവേദനം ചെയ്തിരിക്കുന്നു. അസാമാന്യ ധിഷണാശാലിയായ അയാൾക്ക് കേൾക്കുന്നതെന്തും ഓർമയിൽ സൂക്ഷിക്കാനുള്ള കഴിവും അപാരമായിരുന്നുവത്രെ. ഇയാൾക്ക് രണ്ട് മനസ്സുള്ളതുകൊണ്ടാണ് എല്ലാ കാര്യങ്ങളും ഈവിധം ഓർമയിൽ സൂക്ഷിക്കാൻ കഴിയുന്നതെന്ന് ഖുറൈശികൾ പറയാറുണ്ടായിരുന്നു. അത് സമ്മതിച്ചുകൊണ്ട് അയാളും പറഞ്ഞു: 'എനിക്ക് രണ്ട് മനസ്സുണ്ട്. രണ്ടും മുഹമ്മദിന്റേതിനേക്കാൾ മികച്ചതാണ്. ഒരു മനസ്സ് എന്നോടു കൽപിക്കുമ്പോൾ മറ്റേത് നിരോധിക്കുന്നു.' ഇത്തരം വിടുവായത്തങ്ങളെയും ഈ വാക്യം നിഷേധിക്കുന്നുണ്ടെങ്കിലും ഇവിടെ ഇതു പറയുന്നത് ളിഹാർ -ദത്തുബന്ധം തുടങ്ങിയ വിഷയങ്ങളിലുള്ള ആളുകളുടെ വായ്ത്താരികൾ പ്രകൃതി യാഥാർഥ്യങ്ങളിൽ ഒരു മാറ്റവും വരുത്തുന്നില്ല എന്ന് വിശദീകരിക്കുന്നതിന്റെ ആമുഖമായിട്ടാണെന്ന് സന്ദർഭത്തിൽനിന്ന് വ്യക്തമാണ്.

മനസ്സിന്റെ മാത്രമല്ല, ബാഹ്യ പ്രകൃതിയുടെയും കാര്യങ്ങളതുതന്നെയാണ്. ഒരുവന്റെ ഭാര്യയായ സ്ത്രീ പെട്ടെന്നൊരു നാൾ അവന്റെ മാതാവായിത്തീരുക അസംഭവ്യമാണ്. ഒരുനാൾ ഭർത്താവ് ഭാര്യയോട്, 'നീ എനിക്ക് മാതാവായിരിക്കുന്നു' എന്നു പറഞ്ഞതുകൊണ്ട് ആ സ്ത്രീയുടെ പ്രകൃതിയിൽ ഒരു മാറ്റവും ഉണ്ടാകുന്നില്ല. ഭർത്താവ് അങ്ങനെയൊരു പ്രതിജ്ഞയെടുക്കുന്നതാവട്ടെ ഗുരുതരമായ തെറ്റുമാകുന്നു. ظهار സംബന്ധിച്ച നിയമങ്ങൾ 58-ാം സൂറ *അൽ മുജാദില*യിൽ വിശദമായി വരുന്നുണ്ട്.

ظهار പോലെ ജാഹിലീ അറബികളിൽ നിലനിന്നിരുന്ന ഒരനാചാരമാണ്, ദത്തുസന്തതികളെ ഔരസ സന്തതികളായി വരിക്കുകയും അവർക്ക് ഔരസ സന്തതികളുടെ എല്ലാ അവകാശബാധ്യതകളും നൽകുകയും ചെയ്യുക എന്നത്. രണ്ട് വ്യക്തികളിലൊരാൾ ഞാൻ നിന്റെ പിതാവാണെന്നും മറ്റേയാൾ ഞാൻ നിങ്ങളുടെ മകനാണെന്നും പറയുന്നതോടെ അവർ തമ്മിൽ യഥാർഥമായ പിതൃപുത്ര ബന്ധം സ്ഥിരപ്പെട്ടു. തുടർന്ന് അവർ വംശബന്ധുക്കളും ദായധനാവകാശികളുമായി പരിഗണിക്കപ്പെടുന്നു. ജാഹിലീ അറബികൾ പുത്രന്റെ വിധവകളെയും വിവാഹമുക്തകളെയും വിവാഹം ചെയ്തിരുന്നു. പിതാവിനു ശേഷം അദ്ദേഹത്തിന്റെ വിധവയെ സ്വന്തം ഭാര്യയാക്കാനും മടിച്ചിരുന്നില്ല. ഖുർആൻ 4:23-ൽ പുത്രഭാര്യയായിട്ടുള്ള സ്ത്രീയെ വിവാഹം ചെയ്യുന്നത് നിഷിദ്ധമാണെന്ന് വിധിച്ചിട്ടുണ്ട്. ഈ വിധി ദത്തുപുത്രന്മാർക്കും ബാധകമാണെന്ന് കരുതപ്പെട്ടിരുന്നു. ഈ ധാരണ തിരുത്തുകയാണിവിടെ. ഒരാളുടെ ബീജത്തിൽനിന്ന് ജനിച്ചവൻ ഒരിക്കലും മറ്റൊരാളുടെ പുത്രനോ മറ്റൊരാൾ അവന്റെ പിതാവോ ആകുന്നില്ല. രക്തബന്ധുക്കളുടെ അവകാശബാധ്യതകളും അവർക്ക് അന്യമാണ്.

മുഹമ്മദ് നബി(സ)ക്ക് പ്രവാചകത്വം ലഭിക്കുന്നതിനു മുമ്പ് ആദ്യഭാര്യ ഖദീജ (റ) കൗമാരക്കാരനായ ഒരടിമയെ സമ്മാനിച്ചിരുന്നു. സൈദ് എന്നായിരുന്നു അയാളുടെ പേര്. ത്വയ്യ് ഗോത്രത്തിന്റെ ഉപഗോത്രമായ ബനീ സഅ്ലബിൽപെട്ട ഹാരിസഃ ആയിരുന്നു സൈദിന്റെ പിതാവ്. ഒരു ഗോത്രകലഹത്തിനിടയിൽ ശത്രുക്കൾ കൗമാരപ്രായക്കാരനായ സൈദിനെ തട്ടിക്കൊണ്ടുപോയി അടിമയാക്കി സൂഖ് ഉക്കാളിൽ വിൽപനക്ക് വെച്ചു. പറ്റുമെങ്കിൽ തനിക്കുവേണ്ടി സുഭഗനായ ഒരടിമപ്പയ്യനെ വാങ്ങണമെന്ന് ഖദീജ (റ) തന്റെ സഹോദരപുത്രൻ ഹകീമുബ്നു ഹുസാമുബ്നു ഖുവൈലിദിനെ ഏൽപിച്ചിട്ടുണ്ടായിരുന്നു. ഉക്കാള് ചന്തയിൽ കച്ചവടത്തിനെത്തിയ ഹകീം സൈദിന്റെ ചാരുതയിൽ ആകൃഷ്ടനായി അവനെ വില കൊടുത്തു വാങ്ങി തന്റെ മാതുലയുടെ അടുത്തു വന്ന് പറഞ്ഞു: 'ഞാനിതാ അമ്മായിക്കു വേണ്ടി സുന്ദരനായ ഒരറബി പയ്യനെ തന്നെ വാങ്ങിയിരിക്കുന്നു. ഇഷ്ടമായെങ്കിൽ സ്വീകരിക്കാം. ഇല്ലെങ്കിൽ ഒഴിവാക്കാം. എനിക്കിവനെ നന്നായി ബോധിച്ചിരിക്കുന്നു.' ആളെ കണ്ടപ്പോൾ ഖദീജക്ക് ഇഷ്ടമായി. അതിനു ശേഷം നബി (സ) അവരെ വിവാഹം ചെയ്തപ്പോൾ അദ്ദേഹത്തിനും സൈദിനെ ഏറെ ഇഷ്ടമായി. ഈ കുട്ടിയെ തനിക്ക് വിട്ടുതരാമോ എന്ന് നബി (സ) ചോദിച്ചു. ഖദീജ (റ) പറഞ്ഞു; 'തരാം, പക്ഷേ നിങ്ങളവനെ സ്വതന്ത്രനാക്കുകയാണെങ്കിൽ അവന്റെ രക്ഷകാവകാശം (ولاء) എനിക്കായിരിക്കും.' നബി (സ) അത് സമ്മതിച്ചില്ല. എങ്കിലും ഖദീജ (റ) ആ കുട്ടിയെ നബിക്ക് നൽകിക്കൊണ്ട് പറഞ്ഞു: 'എടുത്തോളൂ. നിങ്ങൾക്കു വേണമെങ്കിൽ സ്വതന്ത്രനാക്കാം. അല്ലെങ്കിൽ അടിമയായി നിലനിർത്താം.' നബി(സ)യുടെ കൂടെ ആയിരിക്കുമ്പോഴാണ് സൈദ് യൗവനം പ്രാപിച്ചത്.

ആയിടക്ക് സൈദ് അബൂത്വാലിബിന്റെ ഒട്ടകങ്ങളുമായി സിറിയയിലേക്ക് വ്യാപാരാർഥം പുറപ്പെട്ടു. സ്വന്തം നാട്ടിലൂടെ കടന്നുപോകുമ്പോൾ നാട്ടുകാരിൽ ചിലർ അദ്ദേഹത്തെ തിരിച്ചറിഞ്ഞു. അവർ സൈദിന്റെ പിതാവ് ഹാരിസയെ വിവരമറിയിച്ചു. സൈദ് തന്റെ കഥകളൊക്കെ അവരോട് പറഞ്ഞു. കൂട്ടത്തിൽ തന്റെ യജമാനൻ അദ്ദേഹത്തിന്റെ കുടുംബത്തേക്കാളും കുട്ടികളേക്കാളും തന്നെ നോക്കുന്നുണ്ടെന്നും അറിയിച്ചു.

ഹാരിസഃ തന്റെ സഹോദരനെയും മറ്റൊരു മകനെയും കൂട്ടി മക്കയിലെത്തി നബി(സ)യോട് അഭ്യർഥിച്ചു: 'ഓ മുഹമ്മദ്, അങ്ങ് ഗോത്രമുഖ്യന്റെ പുത്രനും മാന്യനും ഉദാരനുമാണല്ലോ. എന്റെ പുത്രൻ സൈദ് അങ്ങയുടെ പക്കലുണ്ട്. അവനെ ഞങ്ങൾക്ക് വിട്ടുതരണം. അങ്ങ് ആവശ്യപ്പെടുന്ന നഷ്ടപരിഹാരം തന്നുകൊള്ളാം.' നബി (സ) പറഞ്ഞു: 'അതിനേക്കാൾ വിശിഷ്ടമായ ഒരു നിർദേശം ഞാൻ വെക്കുകയാണ്. ഞാൻ അവന് സ്വാതന്ത്ര്യം നൽകുന്നു. അവൻ നിങ്ങളെ തെരഞ്ഞെടുക്കുന്നുവെങ്കിൽ നിങ്ങൾ കൊണ്ടുപോയ്ക്കൊള്ളുക. എനിക്ക് നഷ്ടപരിഹാരമൊന്നും തരേണ്ട. എന്നെയാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ നിങ്ങൾ അവനെ വിട്ടേക്കണം.' തുടർന്ന് സൈദിനെ മുന്നിലേക്ക് വിളിച്ചു. ആഗതരെ കാണിച്ചുകൊടുത്തു. സൈദ് പിതാവിനെയും പിതൃവ്യനെയും സഹോദരനെയും തിരിച്ചറിഞ്ഞപ്പോൾ പ്രവാചകൻ പറഞ്ഞു: 'നീ ആഗ്രഹിക്കുന്നുവെങ്കിൽ അവരോടൊപ്പം പോകാം. എന്നെ തെരഞ്ഞെടുക്കുന്നുവെങ്കിൽ ഞാനാരാണെന്ന് നിനക്കറിയാമല്ലോ.' സൈദ് പറഞ്ഞു: 'അങ്ങയെ വിട്ട് ഞാനൊരിക്കലും മറ്റാരെയും തെരഞ്ഞെ

ടുക്കുന്നില്ല.' അതു കേട്ട് പ്രവാചകൻ പറഞ്ഞു: 'എന്നോടൊപ്പം നിന്നുകൊള്ളുക. നിന്റെ പിതാവിന്റെയും പിതൃവ്യന്റെയും സ്ഥാനത്ത് ഞാനുണ്ട്.' സൈദിന്റെ പിതാവ് ചോദിച്ചു: 'സൈദേ, നീ അടിമത്ത ജീവിതം തന്നെ തെരഞ്ഞെടുക്കുകയാണോ?' സൈദ്: 'എന്തായാലും ഞാൻ ഇദ്ദേഹത്തെ പിരിഞ്ഞുപോരുന്നില്ല.' സൈദിന് തന്നോടുള്ള കൂറു കണ്ട് സന്തുഷ്ടനായ പ്രവാചകൻ പ്രസ്താവിച്ചു: 'നിങ്ങൾ സാക്ഷികളാകുവിൻ, സൈദ് സ്വതന്ത്രനാകുന്നു. അവൻ എന്റെ പുത്രനാണ്. അവൻ എന്റെയും ഞാൻ അവന്റെയും അനന്തരാവകാശിയായിരിക്കും.' സൈദിന്റെ പിതാവും പിതൃവ്യനും അതിൽ സംതൃപ്തരായി തിരിച്ചുപോയി. പിന്നീട് ഈ സൂക്തം അവതരിക്കുന്നതുവരെ ആളുകൾ സൈദുബ്നു ഹാരിസയെ വിളിച്ചിരുന്നത് സൈദുബ്നു മുഹമ്മദ് (മുഹമ്മദിന്റെ മകൻ സൈദ്) എന്നായിരുന്നു.

സൈദിന് തന്നോടുള്ള കൂറും സ്നേഹവും മാത്രമായിരുന്നില്ല അദ്ദേഹത്തെ ദത്തെടുക്കാൻ മുഹമ്മദി(സ)നെ പ്രേരിപ്പിച്ചത്. വിവേകം, ബുദ്ധിവൈഭവം, നേതൃപാടവം, ധർമബോധം, അച്ചടക്കം, മറ്റനേകം സൽഗുണങ്ങളും സൈദിനുണ്ടായിരുന്നു. പല യുദ്ധസന്ദർഭങ്ങളിലും നബി (സ) അദ്ദേഹത്തെ സൈന്യനായകനായി നിയോഗിക്കുകയുണ്ടായി. പ്രവാചകന്റെ അസാന്നിധ്യത്തിൽ അദ്ദേഹത്തെ മദീനയുടെ അമീറായും നിയമിച്ചിരുന്നു.

പ്രവാചകൻ സൈദിനെ പുത്രനായി ദത്തെടുത്തതും ജാഹിലീ സമ്പ്രദായമനുസരിച്ച് അനന്തരാവകാശിയായി പ്രഖ്യാപിച്ചതും അദ്ദേഹത്തിന് പ്രവാചകത്വം ലഭിക്കുന്നതിനു മുമ്പായിരുന്നു. അന്ന് മക്കളില്ലാത്ത ദുഃഖത്തിന് പരിഹാരമായിട്ടായിരുന്നുമില്ല ഈ ദത്തെടുക്കൽ. പ്രഥമ പത്നി ഖദീജ(റ)യിൽ ഖാസിം, ത്വയ്യിബ്, ത്വാഹിർ എന്നീ മൂന്നു പുത്രന്മാർ ജനിച്ചു. മൂന്നു പേരും ബാല്യത്തിലേ മരിച്ചുപോവുകയായിരുന്നു. സൈനബ്, റുഖിയ്യ, ഉമ്മുകുൽസൂം, ഫാത്വിമ എന്നീ പുത്രിമാരും ജനിച്ചു. സൈദി(റ)ന്റെ കൂറും സ്നേഹവും വ്യക്തിവൈശിഷ്ട്യവും തന്നെയാണ് പ്രവാചകനെ ഏറെ ആകർഷിച്ചതെന്ന് മനസ്സിലാക്കാം. പിൽക്കാലത്ത് സ്വകുടുംബത്തിൽനിന്ന് ഒരു യുവതിയെ വിവാഹം ചെയ്തുകൊടുത്ത് സൈദിനെ ഖുറൈശി കുടുംബത്തിൽ അംഗമാക്കാൻ പ്രേരിപ്പിച്ചതും അതുതന്നെ. സൈദ്-സൈനബ് വിവാഹവും വിവാഹമോചനവും തുടർന്ന് സൈനബിനെ നബി(സ) വിവാഹം ചെയ്തതും സംബന്ധിച്ച ചർച്ചകൾ ഈ സൂറയുടെ 36-40 സൂക്തങ്ങളിൽ വരുന്നുണ്ട്.

ഭർത്താവ് ظهار ചെയ്യുന്ന ഭാര്യ അയാളുടെ മാതാവാകുന്നു എന്നും മറ്റൊരാളുടെ കുട്ടിയെ ഒരാൾ ദത്തെടുത്താൽ ആ കുട്ടി അയാളുടെ ഔരസ പുത്രനാകുന്നുവെന്നുമൊക്കെ പറയുന്നത് ആളുകളുടെ വായ്ത്താരി മാത്രമാകുന്നു. അതിന് യാഥാർഥ്യവുമായോ നീതിയുമായോ ദൈവിക ധർമവുമായോ ബന്ധമില്ല- ذَٰلِكُمْ قَوْلُكُم بِأَفْوَاهِكُمْ ഗോചരവും അഗോചരവുമായ കാര്യങ്ങളൊക്കെയും അറിയുന്ന അല്ലാഹു അവന്റെ വേദത്തിലൂടെ യാഥാർഥ്യങ്ങൾ പറഞ്ഞുതരികയാണ് - وَاللَّهُ يَقُولُ الْحَقَّ . അവൻ നിങ്ങളെ സത്യത്തിന്റെയും നീതിയുടെയും പ്രകൃതിപരമായ മാർഗത്തിലേക്ക്- صراط مستقيم- നയിക്കുന്നു. ജാഹിലീ അനാചാരങ്ങളിൽനിന്നും അന്ധവിശ്വാസങ്ങളിൽനിന്നും മുക്തരായി ആ മാർഗത്തിലൂടെ ചരിക്കുവിൻ- وَهُوَ يَهْدِي السَّبِيلَ. ■